# ശ്രീവിദ്യാധിരാജ പരമഭട്ടാരക തീർത്ഥപാദസ്വാമികൾ

ശ്രീവിദ്യാധിരാജ പരമഭട്ടാരക തീർത്ഥപാദസ്വാമികളുടെ ജന്മദിനമായ ആഗസ്റ്റ് 25 ലോകമെങ്ങും ജീവകാരുണ്യദിനമായി ആഘോഷിച്ചുവരുകയാണ്. 166-ാമത് ജയന്തിയോടനുബന്ധിച്ച് എൻ.എസ്.എസ്. താലൂക്ക് യൂണിയനുകൾ ഉൾപ്പെടെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം ഘോഷയാത്രകളും സമ്മേളനങ്ങളും നടത്തുകയുണ്ടായി.

'കാഷായവേഷം ധരിക്കാത്ത, വനവാസ ത്തിനു പോകാത്ത മഹർഷിവര്യൻ. ഒന്നിനോടും പ്രത്യേക മമതാബന്ധമില്ലാതെ, സമസ്ത ജീവജാലങ്ങളെയും ഒരുപോലെ സ്നേഹിച്ച ഒരു പ്രപഞ്ചബന്ധു. സമുദായപരമായ കെട്ടുപാടുകളില്ലാതെ സമുദായബന്ധങ്ങൾക്ക് മാർഗ്ഗദർശനം നൽകിയ മഹാചിന്തകൻ, ദീർഘമായ ഗുരുമുഖാഭ്യാസം കൂടാതെ പരിണത പ്രജ്ഞനായിത്തീർന്ന ഒരു മഹാപണ്ഡിതൻ, അനുഭവജ്ഞാനം കൊണ്ട് നാസ്തികൻമാരുടെ ഗർവ്വ് ശമിപ്പിക്കാൻ പ്രാഗല്ഭ്യം കൈവരിച്ച ഒരു യുക്തിവാദപടു, അനാചാരങ്ങളിൽ ആസക്തമായിരുന്ന ആ കാലത്ത് സ്വന്തം ജീവിതചര്യകൊണ്ട് ഭിന്നസമുദായങ്ങൾ തമ്മിൽ സൗഹാർദ്ദബന്ധം സ്ഥാപിക്കുവാൻ പ്രചോദനം നൽകിയ ഒരു സാമൂഹ്യപരിഷ്കർത്താവ്, അവഹേളിക്കാൻ സമീപിക്കുന്നവരെയും ബഹുമാനപരതന്ത്രരാക്കാൻ കഴിഞ്ഞിരുന്ന ബുദ്ധിസമ്പന്നൻ....' അങ്ങനെ എത്രയെത്ര വിശേഷണങ്ങൾക്ക് അനുയോജ്യനാണ് ബ്രഹ്മശ്രീ ചട്ടമ്പിസ്വാമി തിരുവടികൾ.

സർവ്വജ്ഞൻ, സർവ്വകലാവല്ലഭൻ, സിദ്ധയോഗി, പരമാചാര്യൻ, സമുദായപരിഷ്കർത്താവ്, ഗ്രന്ഥകാരൻ, യോഗവേദാന്തപ്രവർത്തകൻ, എന്നീ നിലകളിൽ 'ശ്രീശങ്കരാചാര്യസ്വാമികൾക്കുശേഷം കേരളം കണ്ട ഏറ്റവും ഉന്നതനായ യതിവര്യൻ എന്നാണ് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്.

കൊല്ലവർഷം 1029-ാമാണ്ട് ചിങ്ങമാസത്തിലെ ഭരണിനക്ഷത്രത്തിൽ തിരുവനന്തപുരത്ത് കൊല്ലൂർ എന്ന സ്ഥലത്ത് ഉള്ളൂർകോട് തറവാട്ടിൽ ചട്ടമ്പിസ്വാമി തിരുവടികൾ ഭൂജാതനായി. അദ്ദേഹത്തിന്റെ ജന്മസ്ഥലം ഇന്ന് കണ്ണമ്മൂല എന്ന പേരിൽ അറിയപ്പെടുന്നു. ദാരിദ്ര്യപീഡിതമായ ഒരു കുടുംബത്തിൽ ജനിച്ച സ്വാമികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഇല്ലായിരുന്നു. എന്നാൽ പൂർവ്വസുകൃതം കൊണ്ടും നിരന്തരമായ പരിശ്രമം കൊണ്ടും ഈശ്വരാനുഗ്രഹം കൊണ്ടും, ഇരുപത്തിയഞ്ച് വയസ്സായപ്പോഴേക്കും തമിഴ്, മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷകളിലും, മിക്കവാറും എല്ലാ കലകളിലും, യോഗവേദാന്തദർശനങ്ങളിലും അപാരമായ പാണ്ഡിത്യവും പരിചയസമ്പത്തും അദ്ദേഹം കൈവരിച്ചു. വിവിധ യോഗകലകൾ, ജ്ഞാനാഭ്യാസം തുടങ്ങിയ ആദ്ധ്യാത്മിക സാധനകൾവഴി ബ്രഹ്മസാക്ഷാത്കാരം നേടി, ജീവൻമുക്തനും അതിവർണ്ണാശ്രമിയുമായ ഒരു മഹാത്മാവായിത്തീരുകയും ചെയ്തു. വർണ്ണവ്യവസ്ഥകളെയോ ആശ്രമവ്യവസ്ഥകളെയോ ജാതിഭേദങ്ങളെയോ ഗണിക്കാതെ എല്ലാ വസ്തുക്കളിലും ഒരേ ബ്രഹ്മചൈതന്യമാണ് കളിയാടുന്നതെന്നറിഞ്ഞ് ആത്മാരാമനായി കഴിയുന്ന മഹാത്മാവാണ് അതിവർണ്ണാശ്രമി. അങ്ങനെയുള്ള മഹാത്മാക്കൾ ആശ്രമം സ്ഥാപിക്കുകയോ, സംഘടന രൂപീകരിച്ച് അതിന്റെ നേതൃത്വം വഹിക്കുകയോ, ലോകത്തിൽ സ്വയശ്ശസ്സ് പരത്തുവാൻ ശ്രമിക്കുകയോ ചെയ്യാതെ സാധാരണ ജനങ്ങളുടെ ഇടയിൽ സാധാരണക്കാരനെപ്പോലെ കഴിഞ്ഞുകൂടുകയാണ് പതിവ്. അങ്ങനെയുള്ള ലക്ഷണങ്ങളെല്ലാം ഒത്തിണങ്ങിയ ഒരു മഹാത്മാവായിരുന്നു സ്വാമി തിരുവടികൾ.

1099 മേടം 23-ാംതീയതി പന്മനയിൽവച്ച് സമാധിയായി. അദ്ദേഹത്തെ സമാധിയിരുത്തിയ പുണ്യസ്ഥലത്താണ് ഇന്ന് സുപ്രസിദ്ധമായിത്തീർന്ന പന്മന ബാലഭട്ടാരകേശ്വരക്ഷേത്രവും ആശ്രമവും സ്ഥിതി ചെയ്യുന്നത്.